**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3036** **14-02-2024 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനവാസമേഖലകളിൽ വന്യജീവികളുടെ ആക്രമണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് വന്യജീവികൾ ജനവാസ മേഖലകളിലേക്ക് എത്തുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വനത്തിനുള്ളിൽ തന്നെ അവ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | വന്യജീവി ആവാസ മേഖലകളുടെ വിഘടനവും (Habitat Fragmentation) വനമേഖലകളിൽ ടൂറിസം ഉൾപ്പെടെയുള്ള പ്രവർത്തികളിലൂടെ മനുഷ്യരുടെ സാന്നിദ്ധ്യം വർദ്ധിച്ചതും മനുഷ്യ - വന്യജീവി സംഘർഷങ്ങൾ കൂടുതലാകാൻ കാരണമാകുന്നുണ്ട്. വന്യജീവികളുടെ പരമ്പരാഗത സഞ്ചാര പാതകൾ/ ആനത്താരകൾ എന്നിവ വിവിധ തരം നിർമ്മാണ പ്രവർത്തികൾ മൂലം തടസ്സപ്പെടുന്നത് കാട്ടാന തുടങ്ങിയ വന്യമൃഗങ്ങളിൽ അസ്വസ്ഥതയും പ്രകോപനവും ഉണ്ടാക്കുന്നുണ്ട്. വനത്തോട് ചേർന്നുള്ള ജനവാസ മേഖലകളിൽ കൃഷി ചെയ്യുന്ന വിളകൾ ഭക്ഷണമാക്കുന്നതിന് വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ ഇറങ്ങുന്നതും, പ്രായാധിക്യം, പരുക്ക്, മറ്റ് അസുഖങ്ങൾ എന്നിവമൂലം ഇരപിടിയ്ക്കുവാൻ ബുദ്ധിമുട്ടുള്ള മാംസഭുക്കുകളായ വന്യമൃഗങ്ങൾ വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിന് ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നതും മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് കാരണമാകുന്നുണ്ട്.<br><br>വനത്തിനുള്ളിൽ ഫലവൃക്ഷങ്ങളുടെയും വന്യജീവികൾക്ക് ഭക്ഷ്യയോഗ്യമായ മറ്റ് സസ്യങ്ങളുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പരിസ്ഥിതി പുനസ്ഥാപന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി വേനൽക്കാലങ്ങളിൽ മണൽചാക്ക്, ബ്രഷ് വുഡ് തുടങ്ങിയവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ചുവരുന്നുണ്ട്. നിലവിലുള്ള ചെക്ക്ഡാമുകൾ, കുളങ്ങൾ എന്നിവയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്ത് |

| | | | |
|---|---|---|---|
| | | | ഉപയോഗയോഗ്യമാക്കി ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തടയണകൾ നിർമ്മിച്ചുവരുന്നുമുണ്ട്. കൂടാതെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ പരിസ്ഥിതി സൗഹൃദ തടയണകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തണ്ണീർ തടങ്ങളുടെ പരിപാലനവും നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ഫലവത്തായും ശാശ്വതമായും ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | ജനവാസ മേഖലകളിലും വിനോദ സഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. രാത്രികാല പട്രോളിങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ കാട്ടിലേക്ക് തിരികെ വിടുന്നതിന് ദിവസ വേതന വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി വന്യജീവികൾക്ക് വനത്തിനകത്ത് തന്നെ വേനലിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ചെയ്തു വരുന്നുണ്ട്. വനാതിർത്തിയിൽ സോളാർ ഫെൻസിംഗ്, എലിഫന്റ് പ്രൂഫ് ട്രഞ്ച്, എലിഫന്റ് പ്രൂഫ് വാൾ, ജൈവ വേലി എന്നിവ നിർമ്മിക്കുകയും ചെയ്തു വരുന്നുണ്ട്. വന്യമൃഗ സാന്നിധ്യം അറിഞ്ഞാൽ എസ്.എം.എസ്. അലർട്ട് സിസ്റ്റം വഴി ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി വന്യ മൃഗങ്ങളുടെ സാന്നിധ്യം അറിയിച്ചു വരുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി വാച്ചർമാരും പ്രദേശ വാസികളും വനംവകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന ജനജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. വനമേഖലയോട് ചേർന്നുള്ള റോഡിനു ഇരുവശത്തുമുള്ള അടിക്കാടുകൾ വെട്ടി മാറ്റി (Vista Clearance) സഞ്ചാരപാത ദൃശ്യ യോഗ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിനു ആധുനിക സംവിധാനമായ ANIDERS അലാറം സിസ്റ്റം പ്രയോജനപ്പെടുത്തി വരുന്നു. മനുഷ്യ വന്യജീവി സംഘർഷം ഉണ്ടാകുന്ന മേഖലകളിൽ NABARD – RIDF, മറ്റ് പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി സോളാർ പവർ ഫെൻസിംഗ്, ഹാംഗിങ് സോളാർ പവർ ഫെൻസിംഗ്, എലിഫന്റ് പ്രൂഫ് ട്രഞ്ച് എന്നിവ കൂടുതൽ പ്രദേശങ്ങളിൽ നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ